ണ്മെന്റിന്റെ സജീവമായ പരിഗണനയിലാണെന്നും എത്രയുംവേഗം തീരുമാന മുണ്ടാകും എന്നുമാണ്. പക്ഷേ ഇപ്പോഴും തീരുമാനമൊന്നും ഉണ്ടായതായി കാണുന്നില്ല. കേരളത്തിലെ അധ്യാപകർ സമരത്തിലേയ്ക്ക് നീങ്ങുന്നതിനാൽ ഈ പ്രശ്നത്തിൽ ഗവണ്മെന്റിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകണം. സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്ക് ഈ കഴിഞ്ഞ കാലഘട്ടത്തിൽ നടത്തിയ ശമ്പള പരിഷ്കരണത്തിലെ ആനുകൂല്യങ്ങൾ ഈ അധ്യാപകർക്ക് കൊടുത്തില്ല. അന്ന് കാരണം പറഞ്ഞത് അധ്യാപകർക്ക് യു.ജി.സി. നോംസ് ബാധകമായ തുകൊണ്ട് അവരെ സംസ്ഥാന ശമ്പള കമ്മിഷൻ പരിഗണിക്കുന്നില്ല എന്നാ ണ്. ഫലത്തിൽ കഴിഞ്ഞ 11 കൊല്ലക്കാലമായി അധ്യാപകർക്ക് ശമ്പള പരി ഷ്കരണ ഇനത്തിൽ യാതൊരു ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. ഈ കാര്യ ത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയുണ്ടാകണം. പുതുക്കിയ ശമ്പള സ്കെയിൽ നട പ്പാക്കുന്നതിനുവേണ്ടി പി.സി.ടി.എ. അടക്കമുള്ള സംഘടനകൾ സമരത്തിലാ ണ്. കഴിഞ്ഞയാഴ്ച സെക്രട്ടേറിയറ്റു നടയിൽ മറ്റൊരു സമരസമിതി ഉദ്ഘാ ടനം ചെയ്തത് ശ്രീ. അച്ചുതാനന്ദൻ തന്നെയായിരുന്നു. ഈ കാര്യത്തിൽ എന്താണ് ഗവണ്മെന്റിന്റെ സമീപനം? നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്നുമുതൽ എന്നതുസംബന്ധിച്ച് ഒരു വ്യക്തമായ നയം ഗവ ണ്മെന്റ് പ്രഖ്യാപിക്കണം. വിദ്യാഭ്യാസമേഖലയെ ഒരു പുതിയ സമരത്തി ലേയ്ക്ക് തള്ളിവിടാതെ ഈ പ്രശ്നം പരിഹരിക്കണമെന്ന് അപേക്ഷിക്കുകയാ ണ്. അതോടൊപ്പം തന്നെ ഈ സ്കെയിലും ആനുകൂല്യങ്ങളും നൽകുമ്പോൾ അതിന്റെ ഗുണപരമായ പ്രതിഫലനം വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കാനും ഗവ ണ്മെന്റ് നിഷ്കർഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, യു.ജി.സി. യുടെ പുതിയ ശമ്പളസ്കെയിൽ കേന്ദ്രത്തിൽ 1.1.1996 മുത ലാണ് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത ശമ്പള പരിഷ്കരണം കേരളത്തിലും നടപ്പിലാക്കണമെന്നുള്ളതാണ് ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന സബ്മിഷൻ. 1.1.1996 മുതൽ 31.3.2000 വരെയുള്ള കാലയളവിലെ അധിക സാമ്പത്തിക ബാധ്യതയുടെ 80% കേന്ദ്രസർക്കാർ വഹിക്കണമെന്നും 1.4.2000 മുതലുള്ള മുഴുവൻ സാമ്പത്തിക ബാധ്യതയും സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന തുമാണ് നിഷ്ക്കർഷിച്ചിരുന്നത്. ഈ കാര്യത്തിൽ ഞാൻ കഴിഞ്ഞ നിയമസഭ യിൽ പറഞ്ഞത് ഗവണ്മെന്റിന്റെ പരിഗണനയിലാണെന്നാണ്. ഇപ്പോഴിത് മുഖ്യ മന്ത്രി ഓർഡറിട്ട് ക്യാബിനറ്റിൽ വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആ നിലയിൽ അടുത്ത ക്യാബിനറ്റിൽ തന്നെ ഈ വിഷയം വരുന്നതാണ്. അദ്ധ്യാ പകർക്ക് ഈ ആനുകൂല്യം കൊടുക്കണമെന്നുള്ള പൊതുവായ സമീപനമാണ് ഈ ഗവണ്മെന്റിനുമുള്ളത്.

(3) അദ്ധ്യാപകരെ താൽക്കാലികമായി നിയമിക്കുവാൻ പി.ടി.എ. യ്ക്ക് അനുവാദം നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം : സർ, വളരെ ഗുരുതരമായ ഒരു പ്രശ്നമാണിത്. ഈ വർഷം എസ്.എസ്.എൽ.സി.ക്ക് നൂറുശതമാനം തോൽവി സംഭവിച്ച കേര ളത്തിലെ മൂന്ന് സ്കൂളുകളിൽ ഒന്ന് എന്റെ നിയോജകമണ്ഡലത്തിലെ സ്കൂളാ ണ്. ഞാൻ എം.എൽ.എ. ആയ വർഷം അതായത് രണ്ടു വർഷം മുൻപ് എസ്. എസ്.എൽ.സി. പരീക്ഷയ്ക്കു നൂറ് ശതമാനം തോൽവി സംഭവിച്ച ഏക സ്കൂൾ എന്റെ നിയോജകമണ്ഡലത്തിലായിരുന്നു. അത് നമുക്ക് അപമാനകര മാണ്. അതിന് കുഴപ്പം കുട്ടികളല്ല. അവിടെ അദ്ധ്യാപകരില്ല. രണ്ട് വർഷം

LIBRARY ARCHIVES Kerala Legislative Assembly

മുൻപ് കട്ടച്ചിറ സ്കൂളിൽ നൂറുശതമാനം പരാജയം സംഭവിച്ചപ്പോൾ ഈ സഭയിൽ അദ്ധ്യാപകരുടെ ക്ഷാമത്തെക്കുറിച്ച് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചു. അങ്ങ് അന്ന് മറുപടിയും നൽകി. പി.എസ്.സി. യിൽ നിന്നും അദ്ധ്യാപകർ സ്കൂളിൽ വരുന്നതുവരെ സ്കൂളിനടുത്തുള്ള യോഗ്യതയുള്ളവരെ താല്ക്കാലികമായി സ്കൂളിൽ നിയമിക്കാൻ പി.ടി.എ. ക്ക് അനുമതി നൽകുന്ന കാര്യം സജീവമായി പരിഗണിക്കുമെന്ന് പറഞ്ഞു. പക്ഷെ പരിഗണിച്ചിട്ടില്ല. സർക്കാർ ആശുപത്രികളിൽ ഇത്തരത്തിൽ ഇപ്പോൾ പ്രാദേശികമായ ഡോക്ടർമാരെ വയ്ക്കാൻ നിയമമുണ്ട്. ഇവിടത്തെ പ്രശ്നം വളരെ സങ്കീർണ്ണമാണ്. കേരളത്തിലെ മലയോര പ്രദേശങ്ങളിലാണ് ഈ ദുരവസ്ഥ ഏറ്റവും കൂടുതലുള്ളത്. ഞാൻ ഇന്നലെ റാന്നി നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് സ്കൂളിൽ പോയപ്പോൾ 14 അദ്ധ്യാപകർ വേണ്ടിടത്ത് രണ്ട് അദ്ധ്യാപകർ മാത്രമാണുള്ളത്. എന്റെ മണ്ഡലത്തിലെ 60 സ്കൂളുകളിലും ഈ ഗുരുതരമായ പ്രശ്നമാണുള്ളത്. കേരളത്തിലെ എല്ലാ മലയോര ജില്ലകളിലേയും കുട്ടികൾ നേരിടുന്ന പ്രശ്നമാണ്. എംപ്ലോയ്മെന്റിൽ നിന്നും എടുക്കുന്ന അദ്ധ്യാപകർ ഡിസംബർ മാസമാകുമ്പോഴാണ് അവിടെ വരുന്നത്. അവർ ഒരുമാസം അവിടെ ജോലി ചെയ്തു കഴിഞ്ഞാൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ അവർക്ക് സൗകര്യപ്രദമായ സ്ഥലംമാറ്റം കൊടുക്കും. എനിക്ക് ഒറ്റ ഡിമാന്റ് മാത്രമേയുള്ളൂ. പി.എസ്.സി. യിൽ നിന്നും അദ്ധ്യാപകരെ നിയമിക്കുന്നതുവരെ ഇത്തരം സ്കൂളിനടുത്ത് യോഗ്യതയുള്ള അദ്ധ്യാപകരുണ്ടെങ്കിൽ അവരെ നിയമിക്കുവാൻ പി.ടി.എ. യ്ക്ക് അനുമതി കൊടുക്കാൻ സൗമനസ്യം കാണിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പി.എസ്.സി. യിൽ നിന്നും ആൾക്കാർ വരുന്നിടംവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അദ്ധ്യാപകരെ നിയമിക്കുന്ന രീതിയാണ് നമ്മൾ അവലംബിച്ചിട്ടുള്ളത്. പക്ഷെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തി വരുമ്പോൾ പലപ്പോഴും കാലതാമസം ഉണ്ടാകുന്നു എന്നുള്ള പരാതിയാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം പ്ളസ് ടൂ വിൽ ഒരു പരിഹാരം കണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളുകളെ നിയമിക്കുന്നിടംവരെയുള്ള ഇടവേളയിൽ "In order to commence the classes by 24th August, 1998, with proper staff, Government are pleased to accord sanction authorising the Principals of the Government Higher Secondary Schools to appoint qualified hands to the vacancies on an hourly basis at Rs.60/- per hour subject to a maximum of Rs.3000/- per mensem, till Employment Exchange hands or the regular teachers on transfer posting join duty. ഇങ്ങനെയൊരു തീരുമാനമെടുത്തുകൊണ്ട് അദ്ധ്യാപകരുടെ ദൗർലഭ്യമുണ്ടായില്ല. അതാത് പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട ശ്രീ. രാജു ഉന്നയിച്ചിരിക്കുന്നത് ഇതുപോലൊരു ആവശ്യമാണ്. ഈ ഓർഡർ ഹൈസ്കൂളിൽ കൂടി വ്യാപിപ്പിക്കുന്ന കാര്യം അടിയന്തിരമായി പരിശോധിക്കും.

(4) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും ഹിന്ദി എച്ച്.എസ്.എ. മാരെ നിയമിക്കാത്തത് സംബന്ധിച്ച്

ശ്രീ. എൻ. കണ്ണൻ : സർ, കോഴിക്കോട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ ഹിന്ദി എച്ച്.എസ്.എ. യുടെ നിയമനം പി.എസ്.സി. ലിസ്റ്റിൽ നിന്നും നടത്തണമെന്നുള്ളതാണ് എന്റെ ആവശ്യം. അതാത് പ്രദേശങ്ങളിൽ നമ്മൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ ആളുകളെ ഇന്റർവ്യൂവിന് വിളിക്കുന്ന സമ

LIBRARY ARCHIVES Kerala Legislative Assembly